**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി - ശ്രീ.ഹിരൺ കൃഷ്ണയെ ഐ.ടി.ഓഫീസറായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.1654/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19.05.2017

================================================================================

പരാമർശം: 1. 08.03.17-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാനം

2. നഗരകാര്യ ഡയറക്ടറുടെ 25.03.2016 ലെ ഡി.സി.3 -7083/2017 നമ്പർ കത്ത്

**ഉത്തരവ്**

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയുള്ള വെബ്സൈറ്റിന്റെ അപാകതകൾ പരിഹരിച്ച് വെബ് ആപ്ലിക്കേഷനിൽ വേണ്ട മാറ്റങ്ങൾ വരുത്തി പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് യൂസർ ഐ.ഡി.,പാസ്സ് വേർഡ് എന്നിവ അനുവദിച്ച് നൽകുന്നതിനും പദ്ധതി പൂർണമായും ഓൺലൈൻ ആക്കുന്നതിനും വേണ്ടി കെ.എസ്.യു.ഡി.പി.യിൽ ജോലി നോക്കിവരുന്ന ശ്രീ.എസ്.എൻ.ഹിരൺ കൃഷ്ണയെ ഐ.ടി.ഓഫീസറായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 08.03.17-ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ നൽകുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.യു.ഡി.പി.യിൽ ഐ.ടി.ഓഫീസറായി നിലവിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.എസ് .എൻ.ഹിരൺകൃഷ്ണയെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഐ.ടി.ഓഫീസറായി 39,500/-രൂപ പ്രതിമാസ വേതനത്തിൽ 01-04-2017 മുതൽ പ്രാബല്യത്തിൽ നിയമിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി